(ബി) 31-12-93-നുശേഷം എസ്.എസ്.ഐ.രജിസ്ട്രേഷൻ നടത്തിയിട്ടുള്ള റൈസ് ആന്റ് ഫ്ളവർ മില്ലുകളെ നെഗറ്റീവ് ലിസ്റ്റിൽപ്പെടുത്തിയിട്ടുണ്ട്. അതിനാൽ പ്രസ്തുത വ്യവസായ യൂണിറ്റുകൾക്ക് സബ്സിഡി, വിൽപന നികുതി ഇളവ്, മാർജിൻ മണി ലോൺ തുടങ്ങിയ യാതൊരു ആനുകൂല്യങ്ങളും നൽകുന്നില്ല.

(സി)&(ഡി) ഉത്തരം 'ബി' യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

18 (2166) മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ മേഖല

<u>ശ്രീ. കെ.ടി. കുഞ്ഞഹമ്മദ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവര സാങ്കേതികാധിഷ്ഠിതമായ 'മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ' മേഖലയെ ഒരു എംപ്ലോയ്മെന്റ് ജനറേഷൻ വ്യവസായമായി ഉയർത്തുന്നതിന് എന്തൊക്കെചെയ്യാൻ കഴിയുമെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ;

(സി) മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ടെലിഫോൺ കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും സാദ്ധ്യത വ്യവസായങ്ങൾക്കുള്ള സൗജന്യവൈദ്യുതി നിരക്ക് ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ടെക്നോപാർക്കിൽ ആവശ്യമായ എല്ലാസൗകര്യങ്ങളും നൽകിവരുന്നുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ടെക്നോപാർക്കിൽ ടെലിഫോൺ കണക്ഷൻ നൽകാൻ കാലതാമസമില്ല. മറ്റുസൗജന്യങ്ങൾ നൽകുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

19 (2167) ഹൈപ്രൊഫൈൽ ക്യാംപയിനു വേണ്ടി തെരഞ്ഞെടുക്കപ്പെട്ട അഡ്വർടൈസിംഗ് ഏജൻസികൾ

<u>ശ്രീ. കെ.എ. ചന്ദ്രൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ ഹൈപ്രൊഫൈൽ പ്രൊമോഷൻ ക്യാംപയിനുവേണ്ടി പരസ്യഏജൻസികളെ തെരഞ്ഞെടുക്കുകയുണ്ടായോ;

(ബി) എങ്കിൽ ഏതെല്ലാം ഏജൻസികളെയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്;

(സി) പരസ്യം നൽകിയ വകയിൽ ഓരോ ഏജൻസിക്കും ഇതുവരെ എത്ര തുക നൽകിയിട്ടുണ്ട്;

(ഡി) ഏജൻസി സെലക്ഷൻ സംബന്ധിച്ച് പരാതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly